**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3647** **14-07-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സിയ്ക്ക് നൽകിയത് സംബന്ധിച്ച നിയമ നിർമ്മാണം റദ്ദ് ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ) | 1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെ ഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിന് വേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നിയമ നിർമ്മാണം നടത്തുകയുണ്ടായി. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചു കൊണ്ടാണ് നിയമനിർമ്മാണം |

| | | | |
|---|---|---|---|
| | | | നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുസ്ലീം സംഘടനാ പ്രതിനിധികളുടെ ഒരു യോഗം 20-04-2022ന് വിളിച്ച് കൂട്ടുകയും, വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (ബി) | വഖഫ് ബോർഡിൽ മുസ്ലീങ്ങളല്ലാത്ത എത്ര ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നതെന്നും ഇവർ ഓരോരുത്തരും ഏതെല്ലാം കാലയളവിലാണ് നിയമിക്കപ്പെട്ടതെന്നും ഓരോരുത്തരുടെയും പേരു വിവരങ്ങളും വിശദമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റെഗുലേഷൻസ്, 2016-ൽ വ്യവസ്ഥ ചെയ്തതിൻ പ്രകാരമുള്ള തസ്തികകളിൽ മുസ്ലീങ്ങൾ അല്ലാത്ത ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നില്ല. എന്നാൽ താൽക്കാലിക കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്ന മുസ്ലീങ്ങളല്ലാത്ത ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കേരള സംസ്ഥാന വഖഫ് ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന മുസ്ലീങ്ങളല്ലാത്ത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ

| ക്രമ നം | പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി | നിയമനം |
|---|---|---|---|---|
| 1 | കാർത്തിയായിനി രവീന്ദ്രൻ | സ്വീപ്പർ കം അറ്റന്റർ (കോൺട്രാക്ട്) | 02.04.2007 മുതൽ 28.02.2021 വരെ സ്വീപ്പർ തസ്തികയിലും, 01.03.2021 മുതൽ സ്വീപ്പർ കം അറ്റന്ററായും ജോലി ചെയ്ത് വരുന്നു. | താൽക്കാലികം |
| 2 | വത്സ വർഗീസ് | സ്വീപ്പർ കം അറ്റന്റർ (കോൺട്രാക്ട്) | 15.09.2008 മുതൽ 28.02.2021 വരെ സ്വീപ്പർ തസ്തികയിലും, 01.03.2021 മുതൽ സ്വീപ്പർ കം അറ്റന്ററായും ജോലി ചെയ്ത് വരുന്നു. | താൽക്കാലികം |
| 3 | സാൽമോൻ എ.പി | പേഴ്സണൽ ഡ്രൈവർ കം അറ്റന്റർ ടു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ദിവസ വേതനം) | 04.04.2022 | താൽക്കാലികം (co-terminus) |
| 4 | റീന വിൻസെന്റ് | സ്വീപ്പർ കം അറ്റന്റർ (കോൺട്രാക്ട്) | 01.08.2012 മുതൽ 28.02.2021 വരെ സ്വീപ്പർ തസ്തികയിലും, 01.03.2021 മുതൽ സ്വീപ്പർ കം അറ്റന്ററായും ജോലി ചെയ്ത് വരുന്നു. | താൽക്കാലികം |
| 5 | വത്സല ആർ | സ്വീപ്പർ കം അറ്റന്റർ (കോൺട്രാക്ട്) | 01.04.2013 മുതൽ 28.02.2021 വരെ സ്വീപ്പർ തസ്തികയിലും, 01.03.2021 മുതൽ സ്വീപ്പർ കം അറ്റന്ററായും ജോലി ചെയ്ത് വരുന്നു. | താൽക്കാലികം |